ആദിവാസികൾക്കിടയിലെ അവിവാഹിതരായ അമ്മമാർ

19 (*198)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കിടയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിച്ചു വരുന്ന കാര്യം ഗവൺമെന്റിനറിവുണ്ടോ;

(ബി) ഇതിന് പരിഹാരം കാണുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(സി) ആദിവാസി പെൺകുട്ടികളുടെ അജ്ഞതയും ദാരിദ്ര്യവും ചൂഷണം ചെയ്ത് മുതലെടുക്കുന്നവരെ കണ്ടെത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഡി) ആദിവാസികളല്ലാത്തവരിൽ പിതൃത്വമാരോപിച്ച് അവിവാഹിതരായ അമ്മമാരിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) ഇത്തരം കേസ്സുകളിൽ സ്വീകരിക്കുന്ന നടപടിക്രമം വിശദമാക്കാമോ;

(എഫ്) ആദിവാസികൾക്കിടയിൽ ഈ പ്രശ്നത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് സംവിധാനം നിലവിലുണ്ടോ;

(ജി) ആദിവാസികൾക്കിടയിലെ ഇത്തരം സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും അവിവാഹിതരായ തള്ളമാരേയും കുട്ടികളേയും പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ)&(ബി) അവിവാഹിതരായ ആദിവാസി അമ്മമാരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കേസ്സുകളിലെ പ്രതികൾക്കെതിരെ അതിക്രമങ്ങൾ തടയാൻ നിയമപ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മാത്രമല്ല പട്ടികവർഗ്ഗക്കാർക്ക് ഈ കാര്യത്തിൽ വേണ്ട ബോധവൽക്കരണവും നൽകുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇത്തരം കേസ്സുകളിൽ അവിവാഹിതരായ ആദിവാസി അമ്മമാരുടെ കുട്ടികളുടെ പിതൃത്വം തെളിയിക്കുന്നത് വനിതാ കമ്മീഷൻ മുഖേന ഡി. എൻ.എ. ടെസ്റ്റ് നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(എഫ്) ഉണ്ട്.

(ജി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly